പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4461 04.02.2014-ലെ മറുപടിക്ക്

## പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള വ്യക്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ. അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | നൽകിയ മറുപടി | അന്തിമ മറുപടി |
| --- | --- | --- | --- | --- |
| (എ) | പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശംവെച്ച് വരുന്ന വ്യക്തികൾ ഇപ്പോൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു | 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ച് വരുന്ന വ്യക്തികളുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല. ഭൂപരിധിയിൽ കവിഞ്ഞ ഭൂമി ആർജിച്ചതായോ കൈവശം വച്ചു വരുന്നതായോ ശ്രദ്ധിക്കപ്പെട്ടാൽ അവർക്കെതിരെ 1963-ലെ ഭൂപരിഷ്കരണ നിയമ പ്രകാരം മിച്ചഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പേരിൽ മിച്ചഭൂമികേസുകൾ സംസ്ഥാനത്തെ താലൂക്ക് ലാന്റ് ബോർഡുകളിൽ വിചാരണയിലും, നടപടിയിലുമാണ്. |
| (ബി) | പതിനഞ്ച് ഏക്കറിൽ കൂടുതൽ കൈവശഭൂമിയുള്ള വ്യക്തികളിൽ നിന്നും അവ മിച്ചഭൂമിയായി കണക്കാക്കി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഭൂപരിധിയിൽ കവിഞ്ഞ ഭൂമി ആർജ്ജിച്ചവരിൽ നിന്നും 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. | |
| (സി) | എങ്കിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു | |
| (ഡി) | നിയമ വിരുദ്ധമായി ഭൂമി കൈവശംവച്ച് വരുന്നവരിൽ നിയമസഭാ സാമാജികരായ എത്ര പേരുണ്ട്; ആരെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു | നിയമസഭാ സാമാജികർ നിയമവിരുദ്ധമായി ഭൂമി കൈവശംവച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് ലാന്റ് ബോർഡ് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ